# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ–671314, കേരളം
ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in


നമ്പർ. COAPAD/963/2025-C2 തീയ്യതി: 10.03.2025

### ടെണ്ടർ നോട്ടീസ്

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമുകളിലെ (പടന്നക്കാട്/ കരുവാച്ചേരി) വിവിധ പ്രവർത്തികൾക്കായി ഒരു വർഷത്തേക്ക് ജെസിബി, ഹിറ്റാച്ചി, ടിപ്പർ (1 യൂണിറ്റ്) എന്നിവ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ടെണ്ടറുകൾ ചുവടെ ചേർത്ത നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ ഉറപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

നിബന്ധനകൾ

1. കോളേജ് ഇൻസ്ട്രക്ഷണൽ ഫാമുകളിൽ (പടന്നക്കാട്, കരുവാച്ചേരി) ജോലികൾ ചെയ്യുന്നതിന് ജെ.സി.ബി., ഹിറ്റാച്ചി എന്നിവയ്ക്ക് ഒരു മണിക്കൂറിനുള്ള നിരക്കും (ജെ.സി.ബി/ ഡ്രൈവർ/ മറ്റ് ചെലവുകൾ ഉൾപ്പെടെ), ടിപ്പർ ലോറി (1 യുണിറ്റ്) ഒരു ദിവസത്തെ സേവനത്തിന്റെ നിരക്കും വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ടു സീൽ ചെയ്ത കവറിൽ **17.03.2025 ഉച്ചക്ക് ശേഷം 3.00 മണിക്ക് മുമ്പായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട്** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിനു പുറത്ത് **'ജെ.സി.ബി./ഹിറ്റാച്ചി/ടിപ്പർ-യുടെ സേവനം നൽകുന്നതിനുള്ള ടെണ്ടർ'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
2. ടെണ്ടറിനൊപ്പം 3000/- രൂപ നിരതദ്രവ്യമായും 708/- രൂപ ടെണ്ടർ ഫീ (600+GST 18%) ആയും കെട്ടിവയ്ക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ടെണ്ടറുകൾ അതേ ദിവസം ഉച്ചക്ക് ശേഷം 3.30 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.
3. താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ടെണ്ടറുകൾ തിരസ്കരിക്കുന്നതാണ്. ടെണ്ടറുകൾ സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കാർഷിക കോളേജ് ഡീനിൽ നിക്ഷിപ്തമാണ്.
4. സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന ദിവസം മേല്പറഞ്ഞ വാഹനങ്ങൾ ലഭ്യമാകേണ്ടതാണ്.
5. അംഗീകരിക്കപ്പെട്ട ടെണ്ടർ സമർപ്പിച്ച വ്യക്തി ഒരു വർഷം തുടർച്ചയായി സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി 200 രൂപ മുദ്രപത്രത്തിൽ ഓഫീസിൽ നിന്നും ലഭിക്കുന്ന മാതൃകയിൽ ഒരു സമ്മതപത്രം എഴുതി നൽകേണ്ടതാണ് (മാതൃക www.kau.in സൈറ്റിൽ ലഭ്യമാണ്.) വിജയിയായ കരാറുകാരൻ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി (സുരക്ഷിത നിക്ഷേപമായി) ഈ സ്ഥാപനത്തിൽ കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ടെണ്ടർകാരൻ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥൻമാർ നിഷ്കർഷിക്കുന്ന ജോലികൾ ഈ ഫാമിലുള്ള മറ്റ് വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.

6. വരുമാന നികുതി ബാധകമാകുന്ന സാഹചര്യത്തിൽ പാൻകാർഡ് ഹാജരാക്കേണ്ടതും നിലവിലുള്ള നിരക്ക് ഈടാക്കുന്നതുമായിരിക്കും. പാൻകാർഡ് ഹാജരാക്കാത്ത സാഹചര്യത്തിൽ നിയമപ്രകാരം കൂടിയ നിരക്കിൽ ആദായനികുതി ഈടാക്കുന്നതായിരിക്കും.
7. സ്ഥാപനത്തിൽ നിന്നും നൽകുന്ന വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി പൂർത്തികരിച്ച് നിശ്ചിത മാതൃകയിൽ ഇൻവോയ്സ് ലഭ്യമാകേണ്ടതാണ് ജോലി ചെയ്യതിനുള്ള പ്രതിഫലം ബാങ്ക് അക്കൌണ്ട് ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.
8. കേരള സർക്കാർ/സർവ്വകലാശാല ടെണ്ടറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ടെണ്ടർ ദിവസം എതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചക്ക് ശേഷം 3.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

ഒപ്പ്/-

ഡോ. ടി സജിതാ റാണി

ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് - കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്
6. ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ഫാം മാനേജർമാർ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II
8. എ2 സെക്ഷൻ

// അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ